ലേഖനം

◆

ശൈഖ് മുഹമ്മദ് കാരകുന്ന്

# ‘തഫ്ഹീമുൽ ഖുർആനി’ലെ ജിഹാദ്

**‘ജഹദ’യിൽനിന്നുണ്ടായ** പദങ്ങൾ വിശുദ്ധ ഖുർആനിൽ 41 തവണ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. സാങ്കേതിക ശബ്ദമായ ‘ജിഹാദു’മായി ബന്ധപ്പെട്ട പദങ്ങൾ 28 സൂക്തങ്ങളിലായി 33 തവണയാണുള്ളത്. ഇതിൽ 10 സൂക്തങ്ങൾക്കാണ് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി *തഫ്ഹീമുൽ ഖുർആനിൽ* വിശദമായ വിവരണം നൽകിയിട്ടുള്ളത്. അവയിലൂടെ കടന്നുപോകുമ്പോൾ ഖുർആൻ സൂക്തങ്ങളുടെ വെളിച്ചത്തിൽ സയ്യിദ് മൗദൂദി ജിഹാദിനെ സമർപ്പിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കാം.

സ്വന്തത്തിലും സമൂഹത്തിലും മുഴുലോകത്തും ദൈവികദീനിന്റെ സംസ്ഥാപനത്തിനായുള്ള കഠിനമായ അധ്വാനപരിശ്രമമാണ് സാങ്കേതികഭാഷയിൽ ജിഹാദ്. ജിഹാദ് യുദ്ധത്തിന്റെ പര്യായപദമല്ല. ‘ഖിതാൽ’ എന്നാണ് സാധാരണയായി യുദ്ധത്തിനുപയോഗിക്കുക.

“വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ വീടും കുടുംബവും വെടിയുകയും ജിഹാദിലേർപ്പെടുകയും ചെയ്തിട്ടുള്ളവരോ, അവരല്ലോ ദൈവകാരുണ്യം പ്രതീക്ഷിക്കാൻ അർഹതയുള്ളവർ. അല്ലാഹു അവരുടെ പാകപ്പിഴകൾ മാപ്പാക്കുന്നവനും കാരുണ്യം വർഷിച്ച് അവരെ അനുഗ്രഹിക്കുന്നവനുമത്രെ” (ഖുർആൻ 2:218).

ഈ സൂക്തത്തിന്റെ വിശദീകരണത്തിൽ സയ്യിദ് മൗദൂദി എഴുതുന്നു: “ഒരുദ്ദേശ്യം നേടേണ്ടതിന് അങ്ങേ അറ്റത്തോളമുള്ള പരിശ്രമം വിനിയോഗിക്കുകയെന്നതാണ് ജിഹാദിന്റെ അർഥം. ഇത് ‘യുദ്ധ’ത്തിന്റെ പര്യായമല്ല; യുദ്ധത്തിന് അറബിയിൽ ‘ഖിതാൽ’ എന്ന വാക്കാണ് സാധാരണ ഉപയോഗിക്കാറുള്ളത്. ജിഹാദിന് അതിലും എത്രയോ വിപുലവും വിശാലവുമായ അർഥമാണുള്ളത്. സകലവിധ ത്യാഗപരിശ്രമങ്ങളും അതിൽ ഉൾപ്പെടുന്നു. ലക്ഷ്യത്തെ കുറിച്ചുള്ള ചിന്തയിൽ സദാ മുഴുകിയിരിക്കുക, ഹൃദയ മസ്തിഷ്കങ്ങൾ കൊണ്ട് അത് പ്രാപിക്കുന്നതിനുള്ള പോംവഴികളാരാഞ്ഞുകൊണ്ടിരിക്കുക, നാവു കൊണ്ടും പേന കൊണ്ടും അതിനെ പ്രചരിപ്പിക്കുക, കൈകാലുകൾ കൊണ്ട് അതിനു വേണ്ടി പരിശ്രമങ്ങൾ നടത്തുക, ആ മാർഗത്തിൽ നേരിടുന്ന ഏതു പ്രതിബന്ധങ്ങളെയും പൂർണ ശക്തിയോടും ധൈര്യസ്ഥൈര്യത്തോടും നേരിടുക, ആവശ്യം വരുമ്പോൾ ജീവനെപ്പോലും ബലിയർപ്പിക്കാൻ മടികാണിക്കാതിരിക്കുക എന്നിതുകൾക്കെല്ലാം കൂടിയുള്ള പേരാണ് ജിഹാദ്. അത്തരം ത്യാഗപരിശ്രമങ്ങൾ ചെയ്യുന്നവനത്രെ ‘മുജാഹിദ്’. ‘അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുക’ എന്നാൽ, പ്രസ്തുത ത്യാഗപരിശ്രമങ്ങളെല്ലാം അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ചും അവന്റെ ദീൻ അവന്റെ ഭൂമിയിൽ സ്ഥാപിതമാവേണ്ടതിനും അവന്റെ വാക്യം മറ്റെല്ലാ വാക്യങ്ങളെയും ജയിക്കേണ്ടതിനും മാത്രമായിരിക്കുകയും മറ്റൊരു താൽപര്യവും ‘മുജാഹിദി’ന്റെ ലക്ഷ്യമാവാതിരിക്കുകയും ചെയ്യുകയെന്നതാണ്.”

ജിഹാദ് ഏതെങ്കിലും പ്രത്യേക പ്രദേശത്തോ കാലത്തോ മാത്രം നടക്കേണ്ട ഒന്നല്ല. ഒരു സത്യവിശ്വാസി സദാ ജിഹാദിലായിരിക്കണം. അതിനാൽ ജിഹാദ് ആയുധമെടുത്തുള്ള യുദ്ധമാണെന്ന ധാരണ തെറ്റാണ്. അത് ജിഹാദിന്റെ ഒരിനം മാത്രമാണ്. ‘ആര് ജിഹാദ് ചെയ്യുന്നുവോ അത് അവന്റെ തന്നെ നന്മക്കുവേണ്ടിയത്രെ’ (29:6) എന്ന സൂക്തത്തെ സയ്യിദ് മൗദൂദി ഇങ്ങനെ വിശദീകരിക്കുന്നു:

“ഒരു പ്രതികൂല ശക്തിയെ നേരിടുന്നതിൽ സമരം നടത്തുകയും ത്യാഗപരിശ്രമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നതിനാണ് ‘മുജാഹദഃ’ എന്നു പറയുക. ഒരു പ്രത്യേക എതിർശക്തിയെ ചൂണ്ടിക്കാണിക്കാതെ ‘മുജാഹദഃ’ എന്നു മാത്രം പറയുമ്പോൾ അതിനർഥം സമഗ്രവും സർവതോമുഖവുമായ സമരം എന്നാണ്. വിശ്വാസി ഈ ലോകത്ത് നടത്തേണ്ട സമരം ഈ വിധത്തിലുള്ളതാണ്. തിന്മയനുവർത്തിക്കുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് പ്രലോഭിപ്പിക്കുന്ന ചെകുത്താനുമായി അവൻ സദാ സമരം ചെയ്തുകൊണ്ടിരിക്കണം. തന്നെ ജഡികേഛകളുടെ അടിമയാക്കാൻ ശക്തമായി പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന സ്വന്തം മനസ്സുമായും സമരം ചെയ്യണം. സ്വന്തം വീടു മുതൽ ചക്രവാളം വരെ വീക്ഷണങ്ങളിലും ദർശനങ്ങളിലും ധാർമിക തത്ത്വങ്ങളിലും നാഗരിക രീതികളിലും ആചാര സമ്പ്രദായങ്ങളിലും സാമൂഹിക–സാംസ്കാരിക നിയമങ്ങളിലും സത്യദീനിനെ എതിർക്കുന്ന സകല മനുഷ്യരോടും സമരം ചെയ്യണം. ദൈവത്തിന്റെ ആധിപത്യത്തിൽനിന്ന് മുക്തരായി സ്വന്തം ആധിപത്യം നടത്താൻ ശ്രമിക്കുകയും തങ്ങളുടെ കഴിവുകൾ നന്മക്കു പകരം തിന്മ പ്രചരിപ്പിക്കാൻ വിനിയോഗിക്കുകയും ചെയ്യുന്ന സാമൂഹിക നേതൃത്വത്തോടും സമരം ചെയ്യണം. ഇത് ഒന്നോ രണ്ടോ നാളത്തെ സമരമല്ല. ആജീവനാനന്ത സമരമാണ്. ദിവസത്തിൽ, ഇരുപത്തിനാലു മണിക്കൂറും അവിരാമം തുടരുന്ന സമരമാണ്. ഏതെങ്കിലും ഒരു രംഗത്തു മാത്രം നടക്കുന്നതുമല്ല ഈ സമരം. ജീവിതത്തിന്റെ

എല്ലാ രംഗങ്ങളിലും ഇത് നടക്കേണ്ടതാണ്. ഇതിനെക്കുറിച്ചാണ് ഹസ്രത്ത് ഹസൻ ബസ്വരി പറയുന്നത്: മനുഷ്യൻ തീർച്ചയായും സമരം ചെയ്യുന്നുണ്ട്; അവൻ ഒരിക്കലും വാളെടുത്തിട്ടില്ലെങ്കിലും."

അസത്യവ്യവസ്ഥ വിപാടനം ചെയ്ത് സത്യവ്യവസ്ഥ സ്ഥാപിക്കാനുള്ള സമരമാണ് ജിഹാദ് എന്നും അതിന് നാലു മുഖമുണ്ടെന്നും സയ്യിദ് മൗദൂദി നിരീക്ഷിക്കുന്നു. 'സത്യവിശ്വാസം സ്വീകരിച്ചവരേ, അല്ലാഹുവിനെ ഭയപ്പെടുവിൻ. അവങ്കലേക്കുള്ള സാമീപ്യമാർഗം അന്വേഷിക്കുവിൻ. അവന്റെ മാർഗത്തിൽ ത്യാഗപരിശ്രമങ്ങൾ ചെയ്യുവിൻ. നിങ്ങൾക്കു വിജയസൗഭാഗ്യം കരഗതമായേക്കാം' (5:35) എന്ന സൂക്തത്തിന്റെ വ്യാഖ്യാനത്തിലിങ്ങനെ പറയുന്നു:

"ജാഹിദൂ എന്നാണ് മൂലത്തിൽ പ്രയോഗിച്ചിരിക്കുന്നത്. 'ത്യാഗപരിശ്രമം' എന്ന തർജമ അതിന്റെ ആശയം പൂർണമായി പ്രതിഫലിപ്പിക്കുന്നില്ല. എതിർശക്തിയെ നേരിടുക എന്ന അർഥം അതുൾക്കൊള്ളുന്നു. ദൈവമാർഗത്തിൽ മുന്നോട്ടുപോവുന്നതിനെ തടയുന്ന എല്ലാ പ്രതിരോധ ശക്തികളെയും എതിർത്തു പരാജയപ്പെടുത്തുക എന്നാണ് ജിഹാദിന്റെ ശരിയായ വിവക്ഷ. അതായത്, ദൈവപ്രീതിക്കൊത്ത് ചലിക്കാൻ അനുവദിക്കാത്ത, ദൈവമാർഗത്തിൽനിന്ന് വ്യതിചലിപ്പിക്കാൻ ശ്രമിക്കുന്ന, ദൈവത്തിന്റെ പരിപൂർണ ദാസനായി വർത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്ന, തങ്ങളുടെയോ അല്ലാഹുവല്ലാത്ത മറ്റു വല്ലവരുടെയോ അടിമത്തപാലനത്തിന് നിർബന്ധിക്കുന്ന എല്ലാ വിരുദ്ധ ശക്തികളോടും സാധ്യമായ സകല കഴിവുകളും ഉപയോഗിച്ച് സമരം നടത്തുകയെന്നാണ് ഇസ്‌ലാമിൽ ജിഹാദിന്റെ  അർഥം. ഈ സമരത്തെ ആശ്രയിച്ചാണ് മനുഷ്യന്റെ എല്ലാ വിജയവും മോക്ഷവും സ്ഥിതിചെയ്യുന്നത്. ദൈവസാമീപ്യത്തിന് അതൊന്നേ മാർഗമുള്ളൂ.

ഇങ്ങനെ നാനാ രംഗങ്ങളിലും ഒരു ചതുർമുഖ പോരാട്ടം നടത്താനാണ് പ്രകൃതസൂക്തം സത്യവിശ്വാസിയെ ആഹ്വാനം ചെയ്യുന്നത്. ഒന്നാമതായി, അഭിശപ്തനായ പിശാചിനോടും പരിവാരങ്ങളോടുമുള്ള സമരം. രണ്ടാമതായി, സ്വദേഹത്തോടും അതിലെ ദുരഭിലാഷങ്ങളോടുമുള്ള സമരം. മൂന്നാമതായി, സാമൂഹിക-നാഗരിക-സാമ്പത്തിക ഇടപാടുകളിൽ അവനുമായി ബന്ധപ്പെടുന്നവരും എന്നാൽ ദൈവത്തിൽനിന്ന് വ്യതിചലിച്ചവരുമായ അസംഖ്യം മനുഷ്യരോടുമുള്ള സമരം. നാലാമതായി, ദൈവധിക്കാരത്തിൽ നിലകൊള്ളുന്നതും സത്യദാസ്യത്തിന് പകരം അസത്യദാസ്യത്തിന് തന്നെ പ്രേരിപ്പിക്കുന്നതുമായ ദുഷിച്ച മത-നാഗരിക-രാഷ്ട്രീയ വ്യവസ്ഥകളോടുള്ള സമരം. ഇങ്ങനെ നാനാ തുറയിലും ഒരു സത്യവിശ്വാസി സമരം നടത്തേണ്ടതുണ്ട്. ഓരോ പ്രതിയോഗിയുടെയും സമരതന്ത്രങ്ങൾ ഭിന്നങ്ങളായിരിക്കാം. എന്നാൽ ദൈവത്തിനു പകരം താന്താങ്ങളെ അനുസരിപ്പിക്കുകയെന്നതാണ് ആ പ്രതിയോഗികളുടെയെല്ലാം ലക്ഷ്യം. മനുഷ്യൻ അടിമുടി ദൈവത്തിന്റെ ആജ്ഞാനുവർത്തിയായി, ബാഹ്യമായും ആന്തരികമായും ദൈവത്തിന്റെ മാത്രം ദാസനായി വർത്തിക്കുന്നതിനെ ആശ്രയിച്ചാണ് അവന്റെ അഭ്യുദയവും ദൈവസാമീപ്യത്തിലേക്കുള്ള പുരോഗതിയും സ്ഥിതിചെയ്യുന്നത്. അതിനാൽ പ്രസ്തുത പ്രതിയോഗികളോടെല്ലാം ഒരേ അവസരത്തിൽ പൊരുതി വിജയം വരിക്കാതെ തനിക്ക് ലക്ഷ്യം പ്രാപിക്കാൻ സാധിക്കുന്നതല്ല. അവരുമായി അനുനിമിഷം അവിശ്രമസമരം നടത്തിക്കൊണ്ടിരിക്കുക അനിവാര്യമത്രെ. ചുരുക്കത്തിൽ, ദൈവമാർഗത്തിൽ വിലങ്ങടിച്ചുനിൽക്കുന്ന പ്രതിബന്ധങ്ങളോടെല്ലാം മല്ലടിച്ചുവേണം സത്യമാർഗത്തിൽ മുന്നോട്ടു ഗമിക്കാൻ."

യുദ്ധം എന്ന അർഥത്തിലും ഖുർആൻ ജിഹാദ് എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അവയിൽ രണ്ട് സൂക്തങ്ങളും അവക്ക് സയ്യിദ് മൗദൂദി നൽകിയ വിശദീകരണവും ഇങ്ങനെ വായിക്കാം.

1. "വിശ്വസിച്ച ജനത്തിൽ, ന്യായമായ കാരണമില്ലാതെ വീട്ടിലിരിക്കുന്നവരും തങ്ങളുടെ ജീവധനാദികളാൽ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യുന്നവരും ഒരുപോലെയല്ല. ജീവധനാദികൾ കൊണ്ട് ജിഹാദ് ചെയ്യുന്നവരെ വെറുതെയിരിക്കുന്നവരേക്കാൾ അല്ലാഹു പദവിയിൽ ശ്രേഷ്ഠരാക്കിയിട്ടുണ്ട്. എല്ലാവർക്കും അല്ലാഹു നന്മ വാഗ്ദാനം ചെയ്തിട്ടുണ്ടെങ്കിലും, അല്ലാഹുവിങ്കൽ മുജാഹിദുകൾക്കുള്ള പ്രതിഫലം വെറുതെയിരിക്കുന്നവരുടേതിനേക്കാൾ വളരെ കൂടുതലാണ്" (4:95).

ഈ സൂക്തത്തെ സയ്യിദ് മൗദൂദി ഇങ്ങനെ വിശദീകരിക്കുന്നു: "തങ്ങൾക്ക് ജിഹാദിന് ഓർഡർ ലഭിച്ചിട്ടും ഒഴികഴിവുണ്ടാക്കി യുദ്ധത്തിന് പുറപ്പെടാതെ സ്വഗൃഹത്തിൽ ചടഞ്ഞുകൂടുന്നവരെയല്ല ഇവിടെ ഉദ്ദേശ്യം. പൊതു പടയൊരുക്കം പ്രഖ്യാപിക്കുക മൂലം യുദ്ധം ഓരോരുത്തർക്കും നിർബന്ധം (ഫർള് ഐൻ) ആയിത്തീർന്നിട്ടും യുദ്ധത്തിന് പോവാതെ ഒഴിഞ്ഞുമാറുന്നവരുമല്ല. പ്രത്യുത ജിഹാദ് സാമൂഹികബാധ്യത (ഫർള് കിഫായ) മാത്രമായിരിക്കുമ്പോൾ യുദ്ധരംഗത്തേക്ക് പോകാതെ മറ്റു രംഗങ്ങളിൽ ജോലി നിർവഹിച്ചുകൊണ്ടിരിക്കുന്നവരാണ്. ആദ്യത്തെ രണ്ടു തരക്കാരും കപടന്മാരാകുന്നു. അതിനാൽ അവർക്ക് അല്ലാഹു യാതൊരു നന്മയും വാഗ്ദത്തം ചെയ്യുന്നില്ല- യഥാർഥമായ വല്ല തടസ്സവുമുള്ളവർ ഇതിൽനിന്നൊഴിവാണ്. ഇവിടെ യുദ്ധവിമുഖന്മാരെന്നാൽ, ഇസ്‌ലാമിക പാർട്ടി ഒന്നടങ്കം യുദ്ധത്തിന് പുറപ്പെടണമെന്ന ആവശ്യം നേരിടാതിരിക്കുകയും മുസ്‌ലിംകളുടെ നേതാവ്, യുദ്ധപരമായ ഒരു സംരംഭത്തിന് സ്വയം സന്നദ്ധരായി മുന്നോട്ടുവരുന്ന ധീരന്മാരെ ആവശ്യപ്പെടുകയും ചെയ്ത സന്ദർഭത്തിൽ അതിനു സന്നദ്ധരാകാതെ ഇതര കൃത്യങ്ങളിൽതന്നെ വ്യാപൃതരാവുന്നവരാണ് വിവക്ഷ. ഇവരെ അപേക്ഷിച്ച് ആ മഹാകൃത്യത്തിന്- യുദ്ധത്തിന്- സ്വയം സന്നദ്ധരായി മുന്നോട്ടു ചെല്ലുന്ന ധീരാത്മാക്കൾക്ക് കൂടുതൽ ശ്രേഷ്ഠതയും പദവിയുമുണ്ട്; ഇതര കാര്യങ്ങൾ സ്വന്തം നിലയിൽ എത്ര തന്നെ പ്രയോജനകരമാണെങ്കിലും."

2. "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ തങ്ങളുടെ ധനം കൊണ്ടും ദേഹം കൊണ്ടും ജിഹാദ് ചെയ്യുന്നതിൽനിന്ന് ഒഴിവാക്കിത്തരണമെന്ന് ഒരിക്കലും താങ്കളോട് അപേക്ഷിക്കുകയില്ല. അല്ലാഹു ഭക്തന്മാരെ നന്നായറിയുന്നു. ഇത്തരം അപേക്ഷകൾ സമർപ്പിക്കുക അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമില്ലാത്തവരും ഹൃദയങ്ങളിൽ സന്ദേഹം പുലർത്തുന്നവരും ആ സന്ദേഹങ്ങളിൽ തന്നെ ചാഞ്ചാടിക്കൊണ്ടിരിക്കുന്നവരും മാത്രമാകുന്നു" (9:44,45). ഈ വാക്യങ്ങളുടെ വ്യാഖ്യാനത്തിൽ സയ്യിദ് മൗദൂദി എഴുതുന്നു: "സത്യവിശ്വാസിയും കപടവിശ്വാസിയും തമ്മിലുള്ള അന്തരം തുറന്നുകാട്ടുന്ന ഉരക്കല്ലാണ് ഇസ്‌ലാമും കുഫ്റും തമ്മിലുള്ള സംഘട്ടനമെന്ന് ഇത് മനസ്സിലാക്കിത്തരുന്നു. ഈ സംഘട്ടനത്തിൽ സർവാത്മനാ ഇസ്‌ലാമിനെ തുണക്കുകയും അതിന്റെ അഭ്യുന്നതിക്കായി സർവസ്വം ബലിയർപ്പിക്കുകയും എന്തു ത്യാഗത്തിനും സന്നദ്ധനാവുകയും ചെയ്യുന്നവൻ മാത്രമാണ് യഥാർഥ വിശ്വാസി. ഈ നിർണായക പ്രതിസന്ധിയിൽ ആരെങ്കിലും ഇസ്‌ലാമിനെ പിന്തുണക്കാതെ, തന്ത്രപൂർവം ഒഴിഞ്ഞുമാറുകയും കുഫ്റിന്റെ വിജയം ഒരു ഭീഷണിയായി ഉയർന്നുവന്നിട്ടും ഇസ്‌ലാമിന്റെ വിജയമാർഗത്തിൽ ജീവനും ധനവും വ്യയം ചെയ്യാൻ വിസമ്മതിക്കുകയും ചെയ്യുന്ന പക്ഷം, അവന്റെ ഹൃദയത്തിൽ

ഈമാൻ ഇല്ലെന്നതിന് അതുതന്നെ വ്യക്തമായ തെളിവാണ്.''

ജിഹാദിന്റെ സദ്ഫലം വിശദീകരിക്കുന്ന സൂക്തത്തിനും *തഫ്ഹീമുൽ ഖുർആനിൽ* വിശദീകരണമുണ്ട്: ''ആർ നമുക്കു വേണ്ടി ജിഹാദ് ചെയ്യുന്നുവോ അവർക്ക് നാം നമ്മുടെ മാർഗങ്ങൾ കാണിച്ചുകൊടുക്കും. തീർച്ചയായും അല്ലാഹു സുകൃതികളോടൊപ്പം തന്നെയാകുന്നു'' (29:69). ഈ വാക്യത്തെ ഇങ്ങനെ വിശദീകരിക്കുന്നു: "മുജാഹദയുടെ വിശദീകരണം ഇതേ അധ്യായത്തിലെ ആറാം സൂക്തത്തിന്റെ വ്യാഖ്യാനക്കുറിപ്പിൽ വന്നിട്ടുണ്ട്. അവിടെ 'മുജാഹദഃ' ചെയ്യുന്നവൻ സ്വന്തം നന്മക്കുവേണ്ടി അതു ചെയ്യുന്നുവെന്നാണ് പ്രസ്താവിച്ചത്. ഇവിടെ ഉറപ്പ് നൽകുകയാണ്. ഒരുവന് അല്ലാഹുവിന്റെ മാർഗത്തിൽ ആത്മാർഥതയോടെ മുഴുലോകത്തോടും സംഘട്ടനത്തിലേർപ്പെടേണ്ടിവന്നാൽ അല്ലാഹു അയാളെ അതേ അവസ്ഥയിലുപേക്ഷിക്കുകയില്ല. പ്രത്യുത, അവൻ അയാളെ തുണക്കുകയും മാർഗദർശനം ചെയ്യുകയും തന്റെ സന്നിധിയിലേക്കുള്ള കവാടം തുറന്നുകൊടുക്കുകയും എങ്ങനെയാണ് അല്ലാഹുവിന്റെ പ്രീതി നേടാൻ കഴിയുകയെന്ന് അടിക്കടി അയാളെ തെര്യപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ഓരോ വഴിത്തിരിവിലും സന്മാർഗം ഏതെന്നും തെറ്റായ മാർഗമേതെന്നും വെളിപ്പെടുത്തിക്കൊടുക്കും. അയാളിൽ എത്രത്തോളം ഗുണകാംക്ഷയും സദുദ്ദേശ്യവുമുണ്ടോ അത്രത്തോളം അല്ലാഹുവിന്റെ സഹായവും ഉതവിയും മാർഗദർശനവും അയാളോടൊപ്പം ഉണ്ടായിരിക്കും."

ഖുർആൻ കൊണ്ടുള്ള ജിഹാദിന് നൽകിയ വിശദീകരണവും അതിന്റെ സമഗ്രരൂപം മനസ്സിലാക്കാൻ സഹായകമാംവിധമാണ്. 'അതിനാൽ നീ സത്യനിഷേധികളെ അനുസരിക്കരുത്. ഈ ഖുർആൻ കൊണ്ട് അവരോട് ശക്തമായ ജിഹാദിലേർപ്പെടുക' (25:52) എന്ന സൂക്തത്തെ സയ്യിദ് മൗദൂദി ഇങ്ങനെ വിശദീകരിക്കുന്നു: "ശക്തമായ ജിഹാദ് എന്നതിന് മൂന്ന് അർഥങ്ങളുണ്ട്: ഒന്ന്, അധ്വാനപരിശ്രമങ്ങളിൽനിന്ന് ഒരു നിമിഷം വിട്ടുനിൽക്കാതുള്ള നിതാന്ത യജ്ഞം. രണ്ട്, മനുഷ്യൻ തന്റെ കഴിവുകളാസകലം പ്രയോജനപ്പെടുത്തിക്കൊണ്ട് നടത്തുന്ന വൻതോതിലുള്ള പ്രയത്നം. മൂന്ന്, മനുഷ്യൻ തന്റെ പ്രയത്നശേഷിയുടെ ഒരു വശവും ഒഴിവാക്കാതെ നടത്തുന്ന ബഹുമുഖവും സമഗ്രവുമായ അധ്വാനപരിശ്രമം. ഏതെല്ലാം മുന്നണികളിൽ ആയുധശക്തി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ അവിടങ്ങളിൽ തന്റെ ശക്തികൂടി അതോടൊപ്പം ചേർക്കുക. സത്യത്തിന്റെ വിജയത്തിനു വേണ്ടി ഏതെല്ലാം രംഗങ്ങളിൽ എന്തെല്ലാം പ്രവർത്തിക്കേണ്ടതാവശ്യമായി വരുന്നുവോ അവിടെയെല്ലാം നാവുകൊണ്ടും പേനകൊണ്ടും ഉള്ള സമരം ഉൾപ്പെടെ ജീവൻ കൊണ്ടും ധനം കൊണ്ടും ആയുധങ്ങൾ കൊണ്ടും പടപൊരുതുക."

പൈശാചിക ദുർബോധനങ്ങളിൽനിന്നും ദേഹേഛകളിൽനിന്നും മോചനം നേടാൻ നടത്തുന്ന ശ്രമം, സത്യവ്യവസ്ഥയുടെ സംസ്ഥാപനത്തിനായി നടത്തുന്ന സംസാരം, പ്രസംഗം, എഴുത്ത്, മറ്റു പ്രവർത്തനങ്ങൾ, ശത്രുക്കളോടുള്ള സായുധപോരാട്ടം തുടങ്ങിയവയെല്ലാം ജിഹാദാണ്. അതേസമയം ജിഹാദ് എന്നാൽ യുദ്ധം എന്നാണെന്ന ധാരണ അബദ്ധവുമാണ്. ഖുർആൻ സത്യനിഷേധികളോടും കപടവിശ്വാസികളോടും ജിഹാദ് ചെയ്യാൻ ആവശ്യപ്പെടുന്നു. എന്നിട്ടും നബി തിരുമേനി ഒരിക്കൽ പോലും കപടവിശ്വാസികളോട് യുദ്ധം ചെയ്തിട്ടില്ല. അതിനാൽ കപടവിശ്വാസികളോടുള്ള ജിഹാദ് യുദ്ധമല്ല. ഇക്കാര്യം സയ്യിദ് മൗദൂദി വ്യക്തമാക്കിയിട്ടുണ്ട്: 'പ്രവാചകാ, സത്യനിഷേധികളോടും കപടന്മാരോടും സർവശക്തിയുമുപയോഗിച്ച് ജിഹാദ് ചെയ്യുക. അവരോട് കർക്കശമായി വർത്തിക്കുക. അവരുടെ സങ്കേതം നരകമാകുന്നു. എത്ര മാത്രം ചീത്ത സങ്കേതമാണത്' (9:73) എന്ന വാക്യത്തിന് നൽകുന്ന വിശദീകരണം ഇങ്ങനെ വായിക്കാം:

"കപടവിശ്വാസികളോട് വിട്ടുവീഴ്ചാപരമായ നിലപാടാണ് ഇതേവരെ കൈക്കൊണ്ടുപോന്നത്. അതിന് രണ്ടു കാരണങ്ങളുണ്ടായിരുന്നു. ഒന്നാമത്, പുറത്തുള്ള ശത്രുക്കളുമായി സംഘട്ടനം നടന്നുകൊണ്ടിരിക്കെ ആഭ്യന്തര ശത്രുക്കളുമായി സമരത്തിലേർപ്പെടാൻ മാത്രം ഭദ്രമായിരുന്നില്ല മുസ്ലിംകളുടെ ശക്തി. രണ്ടാമത്, സംശയത്തിലും ചാഞ്ചല്യത്തിലും പെട്ടിരുന്ന കപടവിശ്വാസികൾക്ക് വിശ്വാസദാർഢ്യം നേടുന്നതിനാവശ്യമായ അവസരം നൽകേണ്ടതുണ്ടായിരുന്നു. ഈ രണ്ടു കാരണങ്ങളും ഇനി അവശേഷിക്കുന്നില്ല. അറേബ്യ മുഴുവൻ ഇസ്ലാമിക ശക്തിക്ക് അധീനമായെന്ന് മാത്രമല്ല, അറേബ്യക്ക് പുറത്തുള്ള വൻശക്തികളുമായി സംഘട്ടനം ആരംഭിച്ചുകഴിഞ്ഞിരിക്കുകയുമാണ്. അതിനാൽ വിദേശ ശക്തികളുമായി ഗൂഢാലോചന നടത്തി വല്ല ആഭ്യന്തര വിപത്തും സൃഷ്ടിക്കാതിരിക്കേണ്ടതിന്, ഈ അടുക്കളപ്പാമ്പുകളെ വിപാടനം ചെയ്യേണ്ടതുണ്ട്. അതിപ്പോൾ സാധ്യവുമാണ്. ചിന്തിച്ചു ഗ്രഹിക്കാനും സത്യദീനിനെ മാറ്റുരച്ചുനോക്കാനും നീണ്ട ഒമ്പതു വർഷത്തെ കാലയളവ് കപടവിശ്വാസികൾക്ക് നൽകപ്പെട്ടു. നന്മയാണ് യഥാർഥത്തിൽ അവരുടെ ഉദ്ദേശ്യമെങ്കിൽ ഈ അവസരം ധാരാളം മതിയായിരുന്നു. പക്ഷേ, അവരത് ഉപയോഗപ്പെടുത്തുകയുണ്ടായില്ല. ഇനി അവരോട് കൂടുതൽ പരിഗണന കാണിക്കേണ്ടതായ ആവശ്യവുമില്ല. അതിനാൽ അവിശ്വാസികളോടെന്ന പോലെ കപടവിശ്വാസികളോടും സമരം ആരംഭിക്കണമെന്നും ഇതേവരെ തുടർന്നുവന്ന സൗമനസ്യനയം അവസാനിപ്പിച്ച് കർക്കശനയം കൈക്കൊള്ളണമെന്നും അല്ലാഹു അനുശാസിച്ചു.

കപടവിശ്വാസികളോട് സമരവും കർക്കശനയവും വേണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യം അവരുമായി യുദ്ധത്തിന് ഒരുമ്പെടണമെന്നല്ല. അവരുടെ കപടവിശ്വാസപരമായ നിലപാടിനു നേരെ ഇതേവരെ കൈക്കൊണ്ടുപോന്ന വിട്ടുവീഴ്ച തുടരാൻ പറ്റില്ലെന്നു മാത്രമാണ്. അവർ മുസ്ലിംകളുമായി ഇഴുകിക്കലരുകയും സാധാരണ മുസ്ലിംകൾ അവരെ സമുദായത്തിന്റെ ഭാഗമായി കണക്കാക്കുകയും ചെയ്തിരുന്നു. അങ്ങനെ സംഘടനാപരമായ പ്രശ്നങ്ങളിൽ കൈകടത്താനും സമൂഹമധ്യേ കാപട്യവിഷം പരത്താനും അവർക്ക് അവസരം ലഭിച്ചുപോന്നു. ഈ അവസ്ഥ എന്നേക്കുമായി അവസാനിപ്പിക്കണം. കാപട്യം വെച്ചുപുലർത്തിക്കൊണ്ട് മുസ്ലിംകളുടെ കൂടെ ഇടപഴകുന്നവരും ദൈവത്തിന്റെയും ദൈവദൂതന്റെയും സത്യവിശ്വാസികളുടെയും ആത്മബന്ധുക്കളെന്ന് കർമരീതിയിലൂടെ തെളിയിക്കാത്തവരുമായ ആളുകളെ ഇനിമേൽ തുറന്നുകാട്ടുകയും പരസ്യമായി അപലപിക്കുകയും വേണം. സമൂഹത്തിൽ അവർക്ക് അന്തസ്സും നിലവാരവുമുള്ള ഒരു പദവിയും കൽപിച്ചുകൊടുക്കരുത്. അവരുമായുള്ള ബന്ധം മുറിച്ചുകളയണം. സംഘടനാപരമായ ചർച്ചകളിൽനിന്ന് അവരെ ഒഴിച്ചുനിർത്തണം. അവരുടെ സാക്ഷ്യം പരിഗണിക്കരുത്. സ്ഥാനമാനങ്ങളുടെയും ഉദ്യോഗങ്ങളുടെയും കവാടം അവർക്ക് നേരെ കൊട്ടിയടക്കപ്പെടണം. സദസ്സുകളിൽ ആരും അവരോട് കുശലം പറയരുത്. മുസ്ലിംകൾ ഒന്നടങ്കം ഈ തരത്തിൽ പെരുമാറുക വഴി, സമുദായത്തിലെവിടെയും തങ്ങൾക്കൊരു സ്ഥാനമില്ലെന്നും മുസ്ലിംകൾ തങ്ങളെ മാനിക്കുന്നില്ലെന്നും കപടവിശ്വാസികൾക്ക് ബോധ്യപ്പെടണം. അവരിലൊരാൾ വല്ല വ്യക്തമായ ധിക്കാരവും കാണിക്കുന്ന പക്ഷം ആ കുറ്റം മറച്ചുവെക്കുകയോ മാപ്പാക്കുകയോ അരുത്. മറിച്ച് പരസ്യവിചാരണ നടത്തുകയും മാതൃകാപരമായി ശിക്ഷിക്കുകയും വേണം. ഈ ഘട്ടത്തിൽ മുസ്ലിംകൾക്ക് നൽകേണ്ടിയിരുന്ന സുപ്രധാനമായൊരു നിർദേശമാണി

ത്. ഇസ്‌ലാമിക സമൂഹത്തെ തളർച്ചയിലേക്കും തകർച്ചയിലേക്കും നയിച്ചേക്കാവുന്ന ആഭ്യന്തര രോഗങ്ങളിൽനിന്ന് അവരെ സംരക്ഷിക്കാൻ അത് അത്യാവശ്യമായിരുന്നു. തങ്ങളിൽ കപടന്മാരെയും രാജ്യദ്രോഹികളെയും വളർത്തിക്കൊണ്ടുവരികയും ആഭ്യന്തര ശത്രുക്കളെ അന്തസ്സോടെ അരികത്തിരുത്തി സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സംഘടനക്കും ധാർമികാധഃപതനത്തിൽനിന്നും ഒടുവിൽ സമ്പൂർണ വിനാശത്തിൽനിന്നും രക്ഷപ്പെടുക സാധ്യമല്ല. കാപട്യം പ്ലേഗിനു തുല്യമാണ്. അതിന്റെ അണുക്കളെ വഹിച്ചുനടക്കുന്ന എലികളാണ് കപടവിശ്വാസികൾ. സമൂഹത്തിൽ സ്വൈരവിഹാരം ചെയ്യാൻ അവരെ അനുവദിക്കുന്നത്, സമൂഹത്തെ മുഴുക്കെ നാശത്തിലേക്ക് തള്ളുന്നതിനു തുല്യമാണ്. ഒരു കപടവിശ്വാസിക്ക് സമൂഹത്തിൽ മാന്യസ്ഥാനം ലഭിക്കുകയെന്നാൽ, ആയിരക്കണക്കിനാളുകളെ ധിക്കാരത്തിനും കാപട്യത്തിനും ധൃഷ്ടരാക്കുകയെന്നാണർഥം. സമുദായത്തിൽ സ്ഥാനലബ്ധിക്ക് ആത്മാർഥതയോ ഗുണകാംക്ഷയോ വിശ്വാസ നിഷ്കളങ്കതയോ ആവശ്യമില്ലെന്നും വഞ്ചകനും കൂറില്ലാത്തവനുമായ ഒരാൾക്കുപോലും വളർന്നു വികസിക്കാമെന്നും ഉള്ള ധാരണയാണത് വളർത്തുക. അതാണ് നബി(സ) അർഥവത്തായ ഈ ലഘുവാക്യത്തിൽ വിവരിച്ചിരിക്കുന്നത്: വല്ലവനും ഒരു ദുരാചാരിക്ക് മാന്യത കൽപിച്ചാൽ അവൻ ഇസ്‌ലാമിനെ തകർക്കാൻ സഹായിച്ചവനായി."

സത്യവിശ്വാസി സ്വർഗത്തിനു പകരമായി സ്വന്തത്തെ അല്ലാഹുവിന് വിറ്റവനാണ്. അതിനാൽ അവന് സ്വന്തമായി ഒന്നുമില്ല. എല്ലാം അല്ലാഹുവിന് അവകാശപ്പെട്ടതാണ്. ഈ ബോധത്തോടെ സർവസ്വം സ്രഷ്ടാവിന് സമർപ്പിക്കാൻ സന്നദ്ധരാകുന്നവരാണ് യഥാർഥ മുജാഹിദുകൾ. വിജയം വരിക്കുന്നവരും അവർ തന്നെ.

"വിശ്വസിച്ചവരേ, വേദനയേറിയ ശിക്ഷയിൽനിന്ന് നിങ്ങളെ മോചിപ്പിക്കുന്ന ഒരു കച്ചവടം ഞാൻ അറിയിച്ചുതരട്ടെയോ? അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും സ്വന്തം ശരീരം കൊണ്ടും സമ്പത്തുകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് നടത്തുകയും ചെയ്യുക. അതത്രെ നിങ്ങൾക്ക് ശ്രേഷ്ഠകരം. നിങ്ങൾ അറിയുന്നുവെങ്കിൽ" (61:10,11).

ഇതിന് സയ്യിദ് മൗദൂദി നൽകിയ വിശദീകരണം ഇങ്ങനെ: "ലാഭം നേടുന്നതിനു വേണ്ടി മനുഷ്യൻ തന്റെ ധനം, സമയം, അധ്വാനം, സാമർഥ്യം, യോഗ്യത എന്നിവ വ്യയം ചെയ്യുകയാണല്ലോ കച്ചവടം. ഈ പരിഗണനയിൽതന്നെയാണ് സത്യവിശ്വാസത്തെയും ദൈവസരണിയിലുള്ള ജിഹാദിനെയും ഇവിടെ കച്ചവടമെന്ന് വ്യവഹരിച്ചിരിക്കുന്നത്. ഈ മാർഗത്തിൽ നിങ്ങൾക്കുള്ളതൊക്കെ വ്യയം ചെയ്യുകയാണെങ്കിൽ തുടർന്നു പറയുന്ന ലാഭത്തിന് നിങ്ങൾ അർഹരാകുമെന്നാണ് താൽപര്യം."

'അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യേണ്ട വിധം ജിഹാദ് ചെയ്യുക. അവൻ തന്റെ ദൗത്യത്തിനു വേണ്ടി നിങ്ങളെ തെരഞ്ഞെടുത്തിരിക്കുന്നു' (22:78) എന്ന വിശുദ്ധ വാക്യത്തിന്റെ വ്യാഖ്യാനത്തിൽ സയ്യിദ് മൗദൂദി കേവലയുദ്ധമല്ല ജിഹാദിന്റെ വിവക്ഷയെന്ന് വ്യക്തമാക്കുന്നു: "കേവലം യുദ്ധം അല്ല 'ജിഹാദ്' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. അധ്വാനപരിശ്രമങ്ങൾ, കഠിന യത്നം, അങ്ങേയറ്റത്തെ പ്രവർത്തനം, ശ്രമം എന്നീ അർഥങ്ങളിലാണ് ഈ പദം പ്രയോഗിക്കപ്പെടാറുള്ളത്. ജിഹാദ്, മുജാഹിദ് എന്നിവയുടെ ആശയത്തിൽ തരണം ചെയ്യാൻ അധ്വാനപരിശ്രമങ്ങൾ ആവശ്യമായിത്തീരുന്ന ഒരു പ്രതിപക്ഷ ശക്തിയുടെ സാന്നിധ്യവും കൂടി ഉൾപ്പെടുന്നുണ്ട്. ഇതോടൊപ്പം 'അല്ലാഹുവിന്റെ മാർഗത്തിൽ' എന്ന ഉപാധി, പ്രതിലോമ ശക്തികൾ എന്നാൽ അല്ലാഹുവിനുള്ള അടിമത്തത്തെ നിഷേധിക്കുകയും അവന്റെ പ്രീതിയെ നിരാകരിക്കുകയും അവന്റെ മാർഗത്തിൽ ചലിക്കുന്നതിനെ തടയുകയും ചെയ്യുന്നതെന്തൊക്കെയാണോ, അതൊക്കെയാണെന്ന് നിർണയിക്കുകയും ചെയ്യുന്നു. അത്തരം പ്രതിലോമശക്തികളെ പരാജയപ്പെടുത്തി മനുഷ്യൻ സ്വയം തന്നെ അല്ലാഹുവിന്റെ ഉത്തമ അടിമയായിത്തീരാനും ദൈവിക വചനത്തിന്റെ ഉന്നതിക്കും സത്യനിഷേധത്തിന്റെയും കൃതഘ്നതയുടെയും വചനങ്ങളുടെ പരാജയത്തിനും ജീവാർപ്പണം ചെയ്യുക എന്നാണ് അധ്വാനപരിശ്രമങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത്. ഈ മുജാഹിദിന്റെ പ്രഥമ ലക്ഷ്യം, സദാ ദൈവധിക്കാരത്തിന് പ്രേരണ നൽകിക്കൊണ്ടിരിക്കുകയും സത്യവിശ്വാസത്തിൽനിന്നും ദൈവാനുസരണത്തിൽനിന്നുംതന്നെ തടയാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്വന്തം മനസ്സിന്റെ ദുഷ്പ്രവണതയാകുന്നു. അതിനെ കീഴ്പ്പെടുത്താൻ കഴിയാത്തേടത്തോളം കാലം ബാഹ്യരംഗത്ത് ഒരു 'മുജാഹിദി'ന് യാതൊരു സാധ്യതയുമില്ല. അതുകൊണ്ടാണ് ഒരു യുദ്ധത്തിൽനിന്ന് തിരിച്ചുവരവേ ഭടന്മാരോട് നബി(സ) ഇപ്രകാരം അരുളിയത്:

'നാം ഒരു ചെറിയ യുദ്ധത്തിൽനിന്ന് വലിയ യുദ്ധത്തിലേക്കാണ് തിരിച്ചുപോകുന്നത്.'

ഏതാണ് വലിയ യുദ്ധമെന്ന് അവിടുന്ന് തന്നെ വ്യക്തമാക്കുകയുണ്ടായി. 'ദാസൻ തന്റെ ദേഹേഛകൾക്കെതിരായി കഠിന യത്നം നടത്തുക.'

തന്നെത്തന്നെ വിജയിച്ചതിനു ശേഷമുള്ള ജിഹാദിന്റെ രംഗം മുഴുവൻ ലോകത്തോളം വിശാലമാണ്. ലോകത്തുള്ള എല്ലാ ദൈവനിഷേധ-പൈശാചിക ശക്തികൾക്കും എതിരായി അവൻ മനസ്സിന്റെയും മസ്തിഷ്കത്തിന്റെയും ശരീരത്തിന്റെയും ധനത്തിന്റെയും സർവശക്തികളുമുപയോഗിച്ച് അധ്വാന പരിശ്രമങ്ങൾ ചെയ്യുകയാണ് ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള യഥാർഥ ജിഹാദ്.

മുകളിൽ പരാമർശിച്ച ആ ദൗത്യത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടവരാണ് നിങ്ങൾ എന്നർഥം. ഈ ആശയം വിശുദ്ധ ഖുർആനിൽ വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത രീതികളിൽ പ്രതിപാദിച്ചിട്ടുണ്ട്. സൂറഃ *അൽബഖറ*യിൽ (സൂക്തം 143) പറഞ്ഞു: 'ഇവ്വിധം നാം നിങ്ങളെ (മുസ്‌ലിംകളെ) ഒരു മിതസമുദായമാക്കിയിരിക്കുന്നു'. സൂറഃ *ആലു ഇംറാ*നിൽ (സൂക്തം 110) പറഞ്ഞു: ഇപ്പോൾ ലോകത്ത് മനുഷ്യരുടെ മാർഗദർശനത്തിനും സംസ്കരണത്തിനുമായി രംഗപ്രവേശം ചെയ്യിക്കപ്പെട്ട ഉത്തമ സമുദായം നിങ്ങളാകുന്നു". ■